(ബി) ഇവയിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാങ്കേതികമായി തടസ്സം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആലപ്പാട് പഞ്ചായത്തിലെ കാക്കതുരുത്ത് ബണ്ട് മുതൽ മരുതൂർ കുളങ്ങര റോഡ്വരെ.

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഫണ്ട് ലഭ്യമാക്കുന്നതിനും പുതുക്കിയ ഭരണാനുമതി നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തകർന്ന ബോട്ടുകളുടെ എഞ്ചിനുകളും ഉപകരണങ്ങളും വീണ്ടെടുക്കാൻ നടപടി

101 [1904] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മേഖലയിലെ ചാലിയം ഭാഗത്ത് 16-6-2004-ന് പുലർച്ചെയുണ്ടായ കടൽക്ഷോഭത്തെ തുടർന്ന് തകർന്ന 11 ബോട്ടുകളുടെ എഞ്ചിനുകളും മറ്റ് ഉപകരണങ്ങളും വീണ്ടെടുക്കാൻ ഫിഷറീസ് വകുപ്പ് അധികൃതർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതേതുടർന്ന് എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനിടയായിട്ടുണ്ട്;

(സി) എത്ര ലക്ഷം രൂപയുടെ നഷ്ടം വന്നതായാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇവിടുത്തെ സാമ്പത്തികമായി തകർന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഇ) ഇവർക്ക് അടിയന്തിര സാമ്പത്തിക സഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 381 പേർക്ക്.

(സി) ഉദ്ദേശം 160 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അടിയന്തിര സഹായം നല്കുന്നതു റവന്യൂ വകുപ്പ് മുഖേനയാണ്. നാശനഷ്ടങ്ങളുടെ കണക്ക് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.

(ഇ ആന്റ് എഫ്) പ്രത്യേക സാമ്പത്തിക സഹായം പരിഗണനയിലാണ്.

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉൾപ്പെടുത്തി വീടുവയ്ക്കാൻ സഹായധനം

102 [1905] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട ഏലത്തൂർ പഞ്ചായത്തിലെ പുതിയാപ്പയിൽ 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷത്തിൽ എത്രപേർക്ക് ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉൾപ്പെടുത്തി വീട് വെച്ചുകൊടുക്കുവാൻ സഹായധനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) വീടുകളുടെ അറ്റകുറ്റപണി നിർവ്വഹിക്കാനായി ഈ കടപ്പുറത്ത് 2003—2004-ൽ എത്ര പേർക്ക് സഹായധനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) 2004-2005-ൽ വീട് പണിയാനും അറ്റുകുറ്റ പ്രവൃത്തികൾക്കുമായി സഹായധനം ലഭിക്കാൻ എത്രപേരിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)	2001—2002	..	23 പേർ
	2002—2003	..	ഇല്ല
	2003—2004	..	16

(ബി) ആർക്കും നൽകിയിട്ടില്ല.

(സി) ഇതുവരെ അപേക്ഷ ക്ഷണിച്ചിട്ടില്ല. അപേക്ഷ ക്ഷണിക്കുവാനുള്ള നടപടി നടന്നുവരുന്നു.

തീരദേശവാസികൾക്ക് പട്ടയമോ കൈവശരേഖയോ നൽകാൻ നടപടി

103 [1906] ശ്രീ. ഡി. സുഗതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര, അമ്പലപ്പുഴ, പുറക്കാട് എന്നീ തീരപ്രദേശങ്ങളിൽ അനേകവർഷങ്ങളായി താമസിച്ചുവരുന്നവർക്ക് ഭൂമി സംബന്ധിച്ച് യാതൊരുരേഖയും കിട്ടിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സർക്കാരിൽനിന്നുള്ള യാതൊരു ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളായ ഈ താമസക്കാർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly